Circular No.1/Gen/2024

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004
website: ossae.org, e-mail: dgossae@gmail.com

## വിജ്ഞാപനം

സ്നേഹിതരെ,

എല്ലാ സൺഡേസ്കൂൾ പ്രവർത്തകർക്കും പുതുവർഷത്തിന്റെ എല്ലാ ആശംസകളും നേരുന്നു. നമ്മുടെ സൺഡേസ്കൂളിന്റെ 2024 ലെ പുതുവർഷ ക്ലാസ്സുകൾ ജനുവരി 7 ഞായറാഴ്ച ആരംഭിക്കുകയാണല്ലോ. ഓരോ യൂണിറ്റിലും അധ്യാപകയോഗം കൂടി പുതുവർഷ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു എന്നു കരുതുന്നു.

അടുത്ത വർഷത്തെ പരിപാടികളിൽ കുട്ടികളും അധ്യാപകരും നേരത്തെ അറിഞ്ഞിരിക്കേണ്ട ചില പ്രവർത്തനങ്ങൾ അറിയിക്കട്ടെ.

### ജീവകാരുണ്യദിനം

സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഭാഗമായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പഠനം/ചികിത്സാ ആവശ്യങ്ങൾക്കായുള്ള ജീവകാരുണ്യ പദ്ധതികളുടെ (കിരൺ/തണൽ) ധനശേഖരണാർത്ഥം നടത്തുന്ന ജീവകാരുണ്യദിനം ജനുവരി 21 ഞായറാഴ്ച നടത്തുന്നതാണ്. അനേകർക്ക് പ്രയോജനപ്പെടുന്ന ഈ പദ്ധതി വിജയിപ്പിക്കുവാൻ യൂണിറ്റ് തലത്തിൽ എല്ലാ ക്രമീകരണങ്ങളും ചെയ്യുമല്ലോ.

### സൺഡേസ്കൂൾ പുതിയ ക്ലാസ്സിലേക്കുള്ള പ്രവേശനം

OSSAE ഭരണഘടന 109/110 ഖണ്ഡികകളിൽ വിവരിക്കുന്ന എല്ലാ റെക്കാർഡുകളും പ്രധാന അധ്യാപകൻ/അധ്യാപിക സൂക്ഷിക്കുകയും ഇടവക വികാരി ഉൾപ്പെടെ OSSAE യുടെ ഉത്തരവാദിത്തപ്പെട്ടവർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

അഡ്മിഷൻ നൽകുമ്പോൾ സെക്കുലർ ക്ലാസ്സിൽ കുട്ടി പഠിക്കുന്നതിലും ഒരു ക്ലാസ് മുകളിൽ സൺഡേസ്കൂളിൽ അഡ്മിഷൻ നൽകുവാൻ ശ്രദ്ധിക്കണം. ജൂൺ മാസത്തിൽ സെക്കുലർ ക്ലാസ്സിൽ ഒന്നാം ക്ലാസ്സിൽ ചേർക്കുന്ന കുട്ടിയെ അതേ വർഷം ജനുവരിയിൽ ത്തന്നെ സൺഡേസ്കൂളിൽ ഒന്നാം ക്ലാസ്സിൽ ചേർക്കണം. ഇതുപോലെ എല്ലാ ക്ലാസ്സുകളിലും അഡ്മിഷൻ നടത്തണം.

Students' admission register, അധ്യാപക രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കണം. ഡിസ്ട്രിക്റ്റ്, ഭദ്രാസന, കേന്ദ്രഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരുടെ പേരുകൾ അധ്യാപക രജിസ്റ്ററിൽ ഉണ്ടായിരിക്കണം. അധ്യാപകരുടെ വിവരങ്ങൾ കേന്ദ്രത്തിൽ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെ വിവരങ്ങൾ അയച്ചുതന്നിട്ടില്ലാത്തവർ എത്രയും പെട്ടെന്ന് അയച്ചുതരേണ്ടതാണ്.

### സൺഡേസ്കൂൾ പ്രതിഭാമത്സരം

4/23-ാം നമ്പർ സർക്കുലറിൽ അറിയിച്ചിരുന്നതനുസരിച്ച് സൺഡേസ്കൂൾ വാഗ്മിതിലകം, ഗാനസുഗന്ധി എന്നീ പ്രതിഭകളെ തെരഞ്ഞെടുക്കുവാനുള്ള കേന്ദ്രതല പ്രതിഭാ മത്സരങ്ങൾ 2024 ജനുവരി 13 ന് ശനിയാഴ്ച ദേവലോകം സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽവച്ചു നടത്തുതാണ്. മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കും. സോണൽ തലത്തിൽ സീനിയർ വിഭാഗത്തിൽ പ്രസംഗം, സംഗീതം എന്നീ ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രതിഭാ മത്സരങ്ങൾക്കു പങ്കെടുക്കാം. സൺഡേസ്കൂൾ വിജ്ഞാനി, പ്രവീൺ, വേദവചനഭൂഷൺ എന്നീ സ്ഥാനങ്ങളിലേക്ക് പ്രത്യേക മത്സരം കേന്ദ്രതലത്തിൽ ഉണ്ടായിരിക്കുന്നതല്ല. നവംബർ 11-ാം തീയതി നടത്തിയ സോണൽതല മത്സരങ്ങളിൽ ഏറ്റവും ഉയർന്ന സ്കോർ നേടിയ മത്സരാർത്ഥികളെ വേദവിജ്ഞാനി, വേദപ്രവീൺ, വേദവചനഭൂഷൺ എന്നീ സ്ഥാനങ്ങളിൽ തദവസരത്തിൽ പ്രതിഭകളായി

പ്രഖ്യാപിക്കുന്നതാണ്. ഒരിക്കൽ പ്രതിഭാസ്ഥാനം നേടിയവർക്ക് വീണ്ടും ആ ഇനത്തിൽ സ്കൂൾതലം മുതൽതന്നെ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല. മത്സരാർത്ഥികൾ കൃത്യസമയത്ത് ദേവലോകത്ത് എത്തിച്ചേരണം. പങ്കെടുക്കുന്നവർ ഇടവക വികാരി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച ഒരു identification letter കൊണ്ടുവരേണ്ടതാണ്.

**OGOSS**

വിദേശരാജ്യങ്ങളിൽ സൺഡേസ്കൂൾ പഠനത്തിനു സാഹചര്യം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി സൺഡേസ്കൂൾ പഠിക്കുവാൻ OSSAE ചെയ്തിട്ടുള്ള ഒരു ക്രമീകരണമാണ് Online Global Orthodox Sunday School. ഏതെങ്കിലും ഇടവകയിൽനിന്നും വിദേശത്തുള്ള വിദ്യാർത്ഥികൾക്ക് സൺഡേസ്കൂൾ പഠിക്കുവാൻ സാഹചര്യം ഇല്ലെന്നറിഞ്ഞാൽ 965-69905111 (Help desk OGOSS) നമ്പറിലേക്ക് വിളിച്ചാൽ, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**The Sunday School**

സെപ്റ്റംബർ വരെയുള്ള 'ദ സൺഡേസ്കൂളി'ന്റെ ലക്കങ്ങൾ എല്ലാ ഭദ്രാസന ഡയറക്ടർമാരുടെ കൈവശവും എത്തിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റുകൾക്കുമുള്ള ഒരു സൗജന്യ കോപ്പിയും അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പുതുവർഷത്തേക്ക് Rs. 80/- നൽകി എല്ലാ അധ്യാപകരും കഴിവുള്ള വിദ്യാർത്ഥികളും Subscribe ചെയ്യുവാൻ ശ്രദ്ധിക്കണം.

**ഡയറി**

2024 ലെ ഡയറി എല്ലാ അധ്യാപകർക്കും ലഭിക്കത്തക്കവിധം നവംബർ 11 ന് എല്ലാ ഡയറക്ടർമാരെയും ഏല്പിച്ചിട്ടുണ്ട്. എല്ലാവർക്കും ലഭ്യമായി കാണുമല്ലോ.

**Class XII പ്രൈവറ്റ് പരീക്ഷ**

കേരളത്തിനുള്ളിൽ പന്ത്രണ്ടാം ക്ലാസ് പ്രൈവറ്റായി പഠിക്കുന്നവർക്കുള്ള പരീക്ഷ 2024 മെയ് 26 ഞായറാഴ്ച നടത്തുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ 2024 മാർച്ച് 11 നും 24 നും ഇടയ്ക്ക് ossaebodhanam വെബ്സൈറ്റിൽ ലഭിക്കുന്ന ലിങ്കിലൂടെ നിർവഹിക്കാവുന്നതാണ്. പരീക്ഷാരീതിയും മറ്റു നിബന്ധനകളും മുൻ വർഷത്തേതുതന്നെ ആയിരിക്കും. പ്രോജക്ടും ഓറിയന്റേഷൻ റിപ്പോർട്ടും 2024 ഏപ്രിൽ 15 നു മുമ്പ് കേന്ദ്ര ഓഫീസിൽ ഡയറക്ടർ മുഖേന എത്തിക്കണം.

**കേന്ദ്ര ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2023 ലെ സൺഡേസ്കൂൾ ദിന കാണിക്ക, കവർ കളക്ഷൻ, പരീക്ഷാ ഫീസ്, ജീവകാരുണ്യ കവർ പിരിവ് എന്നിവ ഇതുവരെ കേന്ദ്ര ഓഫീസിൽ അടയ്ക്കാത്തവർ ഫെബ്രുവരി 4 നു മുമ്പ് നിർബന്ധമായും അടച്ചിരിക്കണം. OSSAE യുടെ മുൻ പതിവനുസരിച്ച് പ്രസ്തുത തുകകൾ അടയ്ക്കാത്തവർക്ക് അർദ്ധവാർഷിക, വാർഷിക ചോദ്യപേപ്പറുകൾ ലഭിക്കുന്നതിന് തടസ്സം ഉണ്ടാകും എന്നത് ശ്രദ്ധിക്കുമല്ലോ.

അക്കൗണ്ട് നമ്പർ: Bank: SBI, Branch: Devalokam. കാണിക്ക, കവർ പിരിവ്, പരീക്ഷാ ഫീസ്: A/c No. 57017053258. ജീവകാരുണ്യം: A/c No. 57017053458. സൺഡേസ്കൂൾ മാസിക: A/c No. 57017053779, IFSE: SBIN0070820 ബാങ്കിൽ തുക അടച്ചതിനു ശേഷം details കേന്ദ്ര ഓഫീസ് സെക്രട്ടറിയെ (9447094766) നിർബന്ധമായും അറിയിച്ചിരിക്കണം.

സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്നതിലൂടെ ഓരോ പ്രവർത്തകനും ദൈവരാജ്യത്തിന്റെ സുവിശേഷ പ്രവർത്തനം നിർവ്വഹിക്കുന്നു. നിറപടിയായി ഈ ദൈവീക ശുശ്രൂഷ നിർവ്വഹിക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

സ്നേഹപൂർവ്വം

04-12-2023
ദേവലോകം

**വർഗീസ് വർഗീസ് അച്ചൻ**
ഡയറക്ടർ ജനറൽ